**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** **11-02-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖാന്തരം ഇതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖാന്തരം കുടിവെള്ള കണക്ഷൻ നൽകിയവയുടെയും ഇനി നൽകേണ്ടവയുടെയും വിവരങ്ങൾ ചുവടെചേർക്കുന്നു. |

| **പഞ്ചായത്ത്** | **നൽകിയ കണക്ഷനുകളുടെ എണ്ണം** | **നൽകാനുള്ള** |
|---|---|---|
| ആനാട് | 1691 | 6723 |
| നന്ദിയോട് | 2668 | 5608 |
| പനവൂർ | 4715 | 1338 |
| പുല്ലമ്പാറ | 4695 | 1304 |
| കല്ലറ | 4285 | 1273 |
| പാങ്ങോട് | 6150 | 2595 |
| പെരിങ്ങമ്മല | 1070 | 5457 |
| വാമനപുരം | 2537 | 4851 |
| നെല്ലനാട് | 4048 | 874 |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം പ്രോജക്ട് ഡിവിഷന്റെ കീഴിൽ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പുരോഗമിക്കുന്നതെന്നും ആയതിന്റെ തൽസ്ഥിതിയും വിശദമാക്കാമോ; | (ബി) | വാമനപുരം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം പ്രോജക്ട്ഡിവിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ചുവടെചേർക്കുന്നു<br>1. <u>വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി</u><br><br>വാമനപുരം നിയോജക മണ്ഢലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും, നെടുമങ്ങാട് നിയേജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്.<br><br><u>ഒന്നാം ഘട്ടം</u><br><br>ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി ജലജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

ഈ പദ്ധതിയിൽ നെല്ലനാട് പഞ്ചായത്തിലെ കുറ്ററയിൽ വാമനപുരം നദിക്കു സമീപം കിണറും പമ്പ്ഹൗസും നിർമ്മിച്ച് പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻ വഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിച്ച ശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജലസംഭരണികളിലെത്തിച്ച് ജലവിതരണ ശൃംഖലകൾ വഴിവിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

<u>രണ്ടാം ഘട്ടം</u>

ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലായി 3077 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 3.36 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലൂടെ വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലായി 12310 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ രണ്ടു ഘട്ടങ്ങളിലുമായി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിലെ ഏകദേശം 48200 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. വാമനപുരം, നെല്ലനാട് പഞ്ചായത്തുകൾക്കായി ആകെ അനുവദിച്ച തുക 62.035 കോടി രൂപയാണ്.

മേൽപ്പറഞ്ഞ ഒന്നും, രണ്ടും ഘട്ടങ്ങളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പല പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്.പാക്കേജ് ഒന്നിലുൾപ്പെട്ടിട്ടുള്ള കിണറും, പമ്പ്ഹൗസും, കൈലാസം കുന്നിലെ ജലശുദ്ധീകരണശാല, റാവാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 80% പൂർത്തിയായിട്ടുണ്ട്. പാക്കേജ് രണ്ടിലുൾപ്പെ ട്ടിട്ടുള്ള 18 കി.മീ ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ 80%-വും, ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 90%-വും പൂർത്തിയായിട്ടുണ്ട്. പാക്കേജ് മൂന്നിലുൾപ്പെട്ട ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 32% പൂർത്തിയായിട്ടുണ്ട്. ഇതേപാക്കേജിലുൾപ്പെട്ട 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പാക്കേജ് നാലിലുൾപ്പെട്ടിട്ടുള്ള വാമനപുരം പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിൽപ്പെട്ട പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. ഇരു പഞ്ചായത്തുകളിലുമായി 76 കി.മീ. ജലവിതരണ ശൃംഖലയും, 11 കി.മി ട്രാൻസ്മിഷൻ മെയിൻ പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്.

2.<u>ആനാട്,കുറുപുഴ,പാലോട് സമഗ്ര വില്ലേജുകൾക്കു വേണ്ടിയുള്ള ഗ്രാമീണശുദ്ധ ജല വിതരണ പദ്ധതി.</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ള പദ്ധതി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്.

<u>ഒന്നാം ഘട്ടം</u>

ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി എൻ.ആർ.ഡി.ഡബ്ല്യു.പി പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, റാവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

<u>രണ്ടാം ഘട്ടം</u>

രണ്ടാം ഘട്ടപ്രവൃത്തികൾക്കായി സ്റ്റേറ്റ്പ്ലാനിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ റാവാട്ടർ പമ്പ്ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും, പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും, ടി. ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി. മീ. ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അവ പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതകണക്ഷൻ ലഭ്യമായാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

<u>മൂന്നാം ഘട്ടം</u>

ടി പദ്ധതിയുടെ മൂന്നാം ഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുംകുഴിയിൽ 5.25 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷംലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേയ്ക്ക് ശുദ്ധജല മെത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരു പഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണ ശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും, കുടിവെള്ളകണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു. ഇതിൽ കൈതക്കാട്, കുപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിലെ ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 150 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായിതിരിച്ച് ഏതാണ്ട് 122 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ജലജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ കൂടി പൂർത്തിയാകുന്നതോടെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാനാകും.

3.<u>പെരിങ്ങമല പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി ജലശുദ്ധീകരണ ശാലയുൾപ്പെടെയുള്ള ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയ്ക്ക്

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷനിലുൾപ്പെടുത്തി 123.17 കോടി രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. തമ്പുരാൻ വച്ചുണ്ടകയത്ത് വാമനപുരം നദിയോട് ചേർന്ന് 8.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസിന്റെയും നിർമ്മാണം, ആയിരവല്ലിക്കുന്നിൽ 5 എം. എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണം, റാവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ആയിരവല്ലിക്കുന്നിൽ 10.6 ലക്ഷം ലിറ്ററും, അടിയോടികോളനിയിൽ 1.5 ലക്ഷം ലിറ്ററും, വെളിയൻകാലകുന്നിൽ 1 ലക്ഷം ലിറ്ററും സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ജലവിതരണ ശൃംഖലകൾ സ്ഥാപിക്കൽ, 6527 കുടിവെള്ളകണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം ഏകദേശം 55% പൂർത്തിയായി. അടിയോടി കോളനിയിലെ ഉപരിതലജലസംഭരണിയുടെയും സംപിന്റെയും നിർമ്മാണം പൂർത്തിയായി. ജലവിതരണ ശൃംഖലയിൽ ആകെ 190 കി.മീ. പൂർത്തികരിച്ചു. ഇതുവരെ 1070 കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ആയിരവല്ലിക്കുന്നിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയിലേയ്ക്ക് മതിയായ വഴിയുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നില നിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പെരിങ്ങമല പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആയിരവല്ലിക്കുന്നിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയിലേയ്ക്ക് മതിയായ വഴിയുള്ള സ്ഥലം ലഭ്യമാകേണ്ടതുണ്ട്. വെളിയൻകാല കുന്നിലും, മടത്തറയിലും നിർമ്മിക്കേണ്ട ജലസംഭരണികൾക്കാവശ്യമായ സ്ഥലവും ലഭ്യമാകേണ്ടതുണ്ട്. ജലജീവൻ മിഷൻ പദ്ധതികൾക്കുള്ള ഫണ്ടിന്റെ ലഭ്യതക്കുറവ് എല്ലാ പ്രവൃത്തികളുടെയും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ